ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.11.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ വോട്ടെടുപ്പ് സമാധാനപരം. ഇതുവരെയുള്ള കണക്കനുസരിച്ച് വയനാട്ടിൽ പോളിങ് 64 ശതമാനം കടന്നു; ചേലക്കരയിൽ വോട്ട് രേഖപ്പെടുത്തിയത് 70 ശതമാനത്തോളം പേർ.

   Peaceful Polling in Wayanad and Chelakara constituencies in Kerala for the by-elections. Polling in Wayanad has crossed 64 percent so far; About 70 percent people voted in Chelakkara.

2) ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ അഞ്ചു മണി വരെ രേഖപ്പെടുത്തിയത് 65 ശതമാനത്തിലേറെ പോളിംഗ്.

   Over 65 percent voting recorded till 5 pm in first phase of Jharkhand Assembly elections.

3) മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം; ഝാർഖണ്ഡിൽ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള പ്രചാരണവും ശക്തമായി.

Campaigning for the assembly election in Maharashtra is in full swing; The campaign for the second phase of polling in Jharkhand has also intensified.

4) വികസിത ഇന്ത്യയെന്ന കാഴ്ചപ്പാട് കൈവരിക്കുന്നതിന് ഗ്രാമങ്ങളുടെ വികസനത്തിന് മുൻഗണന നൽകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

President Droupadi Murmu emphasizes on development of villages to achieve vision of developed India.

5) രാജ്യത്തെ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി.

CCPA issues guidelines regarding the functioning of coaching institutes in the country.

&&&&&&&&&&&&&&&&&&

## BY ELECTION – WAYANAD, CHELAKKARA

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലം, ചേലക്കര നിയമസഭാ മണ്ഡലം എന്നിവിടങ്ങളിൽ വോട്ടെടുപ്പ് അവസാനിച്ചു. ആറു മണി കഴിഞ്ഞും ചില ബൂത്തുകളിൽ വോട്ടു ചെയ്യാനെത്തിയവരുടെ നീണ്ട നിര ദൃശ്യമായിരുന്നു. ഇരു മണ്ഡലങ്ങളിലും വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു.

&&&&&&&&&&&&&&&&&&

## WAYANAD POLLING( INTRO)

ദേശീയ രാഷ്ട്രീയം ഏറെ ഉറ്റുനോക്കുന്ന വയനാട് ലോക്സഭ മണ്ഡലത്തിൽ ഇതു വരെയുള്ള കണക്കുകൾ പ്രകാരം പോളിംഗ് 64 ശതമാനം കടന്നു. മണ്ഡലത്തിലെ വോട്ടെടുപ്പിന്റെ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ചേരുന്നു.

( വോയിസ് )

16 സ്ഥാനാർത്ഥികളാണ് വയനാട് ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. യു ഡി എഫിനായി പ്രിയങ്ക ഗാന്ധിയും എൽ.ഡി.എഫിനായി സത്യൻ മൊകേരിയും എൻ ഡി എയ്ക്കായി നവ്യ ഹരിദാസും ജനവിധി തേടുന്നു.

&&&&&&&&&&&&&&&&&&

## CHELAKKARA POLLING

ആറ് സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന ചേലക്കര മണ്ഡലത്തിൽ പോളിങ്ങ് സമയം അവസാനിച്ചിട്ടും ഏതാനും ബൂത്തുകളിൽ വോട്ട് ചെയ്യാനായി ആളുകൾ കാത്തു നിൽക്കുന്നുണ്ടായിരുന്നു. ഇതുവരെയുള്ള കണക്കുകൾ പ്രകാരം ചേലക്കരയിൽ 70 ശതമാനത്തോളം പേർ വോട്ട് രേഖപ്പെടുത്തി. മണ്ഡലത്തിൽ എൽഡിഎഫിനായി യു.ആർ പ്രദീപും, യു.ഡി.എഫിനായി രമ്യ ഹരിദാസും, എൻ.ഡി.എയ്ക്കായി കെ. ബാലകൃഷ്ണനുമാണ് ജനവിധി തേടുന്നത്.

&&&&&&&&&&&&&&&&&&

## PALAKKAD CAMPAIGNING

വോട്ടെടുപ്പിന് ദിവസങ്ങൾ ശേഷിക്കേ പാലക്കാട് നിയമസഭ മണ്ഡലത്തിൽ താര പ്രചാരകരെ എത്തിച്ച് ചൂടേറിയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനുള്ള ഒരുക്കത്തിലാണ് മുന്നണികൾ. ഈ മാസം 18 നാണ് പാലക്കാട് കൊട്ടിക്കലാശം. യു ഡി എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലും എൽ ഡി എഫ് സ്വതന്ത്ര സ്ഥാനാർത്ഥി പി സരിനും എൻ ഡി എയുടെ സി. കൃഷ്ണകുമാറും ഉൾപ്പടെ സമ്മതിദായകരെ നേരിൽ കണ്ട് വോട്ടഭ്യർത്ഥിക്കുന്ന തിരക്കിലാണ്. ഉപതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ഈ മാസം 20 ന് നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**Jharkhand POLLING**

ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ ഭേദപ്പെട്ട പോളിംഗ് രേഖപ്പെടുത്തി. ഇതുവരെയുള്ള കണക്കുകൾ പ്രകാരം 65 ശതമാനത്തിലേറെ പേർ വോട്ട് ചെയ്തു. 43 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. 683 സ്ഥാനാർത്ഥികളാണ് ഝാർഖണ്ഡിൽ ഒന്നാം ഘട്ടത്തിൽ ജനവിധി തേടുന്നത്. വോട്ടെടുപ്പിനോട് അനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് മണ്ഡലങ്ങളിലും, ജില്ലാ അതിർത്തികളിലും ഒരുക്കിയത്.

&&&&&&&&&&&&&&&&&&

## JHARKHAND 2ND PHASE CAMPAIGN

ഝാർഖണ്ഡിൽ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള പ്രചാരണം ശക്തം. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഝാർഖണ്ഡിൽ വിവിധ പൊതുസമ്മേളനങ്ങളെ അഭിസംബോധന ചെയ്തു. ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സൊറെയ്ൻ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പ്രസംഗിച്ചു. ഇടതുപാർട്ടി നേതാക്കളും ആർജെഡിയും ഉൾപ്പെടെ പ്രചാരണ രംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&&&

## MAHA- CAMPAIGNING

മഹാരാഷ്ട്രയിൽ 288 അംഗ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ബിജെപി അധ്യക്ഷൻ ജെപി നദ്ദ, പാർട്ടി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ അമിത് ഷാ, ശിവരാജ് സിംഗ് ചൗഹാൻ, പിയൂഷ് ഗോയൽ, എന്നിവരും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു. എൻസിപി (SP വിഭാഗം ) നേതാവ് ശരദ് പവാറും വിവിധ സ്ഥലങ്ങളിൽ പ്രചാരണത്തിനെത്തി. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ശിവസേന നേതാവ് ഉദ്ധവ് താക്കറെ തുടങ്ങിയവരും പ്രചാരണ രംഗത്തുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിന് പുറമേ മഹാരാഷ്ട്രയിലെ നാന്ദേഡ്

ലോക്സഭാ സീറ്റിലേക്കുള്ള ഉപതിരഞ്ഞെടുപ്പും ഈ മാസം 20 ന് നടക്കും. ഈ മാസം 23 നാണ് രാജ്യത്ത് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

## BY ELECTION OTHER STATES

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന 9 സംസ്ഥാനങ്ങളിലെ 30 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പിൻറെ സമയം അവസാനിച്ചു. അഞ്ചു മണി വരെയുള്ള കണക്കുകൾ പ്രകാരം ഏഴ് സീറ്റുകളിൽ വോട്ടെടുപ്പ് നടക്കുന്ന രാജസ്ഥാനിൽ 65 ശതമാനത്തോളവും ആറ് മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ 69 ശതമാനവും , അഞ്ചിടത്ത് തിരഞ്ഞെടുപ്പ് നടക്കുന്ന അസമിൽ 73 ശതമാനത്തോളവുമാണ് പോളിങ്ങ് രേഖപ്പെടുത്തിയത്. ബിഹാറിലെ നാല് മണ്ഡലങ്ങളിലായി 51 ശതമാനത്തിലേറെയും, കർണാടകയിലെ മൂന്ന് സീറ്റുകളിലുമായി 77 ശതമാനത്തോളവും , മധ്യപ്രദേശിലെ രണ്ട് മണ്ഡലങ്ങളിലുമായി 74 ശതമാനത്തിനടുത്തുമാണ് പോളിങ്ങ് നിരക്ക്. ഓരോ മണ്ഡലങ്ങളിൽ വീതം ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഛത്തീസ്ഗഢിൽ 46 ശതമാനത്തിനു മുകളിലും ഗുജറാത്തിൽ 67 ശതമാനത്തിലധികവും മേഘാലയയിൽ 81 ശതമാനത്തോളം പേരുമാണ് ഇതുവരെ വോട്ട് രേഖപ്പെടുത്തിയത്. സിക്കിമിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടക്കേണ്ടിയിരുന്ന രണ്ട് സീറ്റുകളിൽ സിക്കിം ക്രാന്തികാരി മോർച്ച സ്ഥാനാർഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&&&&

**PREZ.MURMU**

ടൂറിസത്തിൻ്റെ വികസനം രാജ്യത്തിൻറെ പൈതൃകത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം യുവാക്കൾക്ക് വലിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വികസിത ഇന്ത്യയെന്ന കാഴ്ചപ്പാട് കൈവരിക്കുന്നതിന് ഗ്രാമങ്ങളുടെ വികസനത്തിന് മുൻഗണന നൽകണമെന്നും ശ്രീമതി മുർമു പറഞ്ഞു. കേന്ദ്രഭരണ പ്രദേശമായ ദാദ്ര ആൻഡ് നാഗർ ഹവേലി, ദാമൻ ദിയുവിൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&

**PM-BIHAR**

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുകയാണെന്നും, ജനങ്ങൾക്ക് സേവനങ്ങൾ ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ ദർഭംഗയിൽ 12,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് സംസാരിക്കുക യായിരുന്നു അദ്ദേഹം. ദർഭംഗയിൽ എയിംസിൻറെ തറക്കല്ലിടൽ നിർവഹിച്ച പ്രധാനമന്ത്രി വിവിധ റോഡ് – റെയിൽ വികസന പദ്ധതികളും ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&

## COACHING INSTITUTE GUIDELINES ( INTRO)

രാജ്യത്തെ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. എല്ലാ കോച്ചിംഗ് സ്ഥാപനങ്ങളും അവരുടെ വിദ്യാർത്ഥികളെയും കോഴ്സുകളെയും കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ വെളിപ്പെടുത്തണമെന്ന് CCPA മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നു. അതോറിറ്റി നടത്തിയ അന്വേഷണത്തിൽ രാജ്യത്തെ വിവിധ കോച്ചിംഗ് സ്ഥാപനങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാസ്തവ വിരുദ്ധമായ വാഗ്ദാനങ്ങൾ നൽകുന്നുവെന്ന് കണ്ടെത്തിയതായി ഉപഭോക്തൃ കാര്യ സെക്രട്ടറി നിധി ഖാരെ പറഞ്ഞു.
( വോയിസ് )

&&&&&&&&&&&&&&&&&&&

## VP - VIETNAM

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് വിയറ്റ്നാമിൻ്റെ പൊളിറ്റ്ബ്യൂറോ അംഗവും ഹോ ചി മിൻ നാഷണൽ അക്കാദമി ഓഫ് പൊളിറ്റിക്സ് പ്രസിഡൻ്റുമായ ന്യൂയെൻ ഷ്വാൻ താങ്ങുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള

പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പരസ്പര താൽപ്പര്യമുള്ള വിവിധ വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

**JAISHANKAR-SAUDI(INTRO)**

ഇന്ത്യ- സൗദിഅറേബ്യാ സഹകരണം വികസനത്തിനും ഭാവി പുരോഗതിയ്ക്കും ഊന്നൽ നൽകുന്നതാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ ഇന്ത്യ-സൗദിഅറേബ്യ തന്ത്രപര പങ്കാളിത്ത കൗൺസിലിൽ - രാഷ്ട്രീയ, സുരക്ഷ, സാമൂഹിക, സാംസ്കാരിക സമിതിയുടെ രണ്ടാമത് യോഗത്തിൽ സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദിനൊപ്പം സഹ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൗദിയിലെ ഇന്ത്യൻ സമൂഹത്തിൻ്റെ ക്ഷേമം ഉറപ്പാക്കിയതിന് ശ്രീ ജയശങ്കർ നന്ദി അറിയിച്ചു.

**(വോയിസ് ജയശങ്കർ )**

പശ്ചിമേഷ്യയിലെ, പ്രത്യേകിച്ച് ഗസയിലെ സംഘർഷത്തിൽ, ശ്രീ ജയശങ്കർ ആശങ്ക രേഖപ്പെടുത്തി. പലസ്തീൻ പ്രശ്നം പരിഹരിക്കാൻ ഇന്ത്യയുടെ പിന്തുണ ശ്രീ ജയശങ്കർ ആവർത്തിച്ചു. സഹകരണത്തിൻ്റെയും പരസ്പര ബഹുമാനത്തിൻ്റെയും ദീർഘകാല അടിത്തറയിലാണ് ഇന്ത്യയുമായുള്ള ബന്ധം കെട്ടിപ്പടുത്തിരിക്കുന്നതെന്ന്

സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**STOCK**

രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ് രേഖപ്പെടുത്തി. ബോംബെ ഓഹരി സൂചിക സെൻസെക്സ് 984 പോയിൻ്റ് നഷ്ടത്തിൽ 77,691ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 324 പോയിൻ്റ് ഇടിഞ്ഞ് 23,559 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

**CRICKET**

ഇന്ത്യ ദക്ഷിണാഫ്രിക്ക മൂന്നാം ട്വൻറി-20 ക്രിക്കറ്റ് മത്സരം ദക്ഷിണാഫ്രിക്കയിലെ സെഞ്ചൂറിയനിൽ ഇന്ത്യൻ സമയം രാത്രി 8.30ന് ആരംഭിക്കും. നാല് മത്സരങ്ങളുടെ പരമ്പര 1-1ന് സമനിലയിലാണ്. വെള്ളിയാഴ്ച ജോഹന്നാസ്ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിലാണ് അവസാന മത്സരം.

&&&&&&&&&&&&&&&&&&

**BADMINTON**

ജപ്പാൻ സൂപ്പർ- 500 ബാഡ്മിൻറൺ ടൂർണമെൻറ് വനിത സിംഗിൾസിൽ ഇന്ത്യൻ താരം പി.വി സിന്ധു പ്രീക്വാർട്ടറിൽ കടന്നു. തായ് ലൻഡ് താരത്തെയാണ് സിന്ധു

പരാജയപ്പെടുത്തിയത്. അതേസമയം ഇന്ന് നടന്ന പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ മലേഷ്യൻ താരത്തോട് പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&